പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5242 — 23-05-2017 ൽ മറുപടിക്ക്

## കുറ്റ്യാടി മണ്ഡലത്തിലെ ആയഞ്ചേരി-വേളം കോൾനില വികസന പദ്ധതി

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി-വേളം കോൾനില വികസന പദ്ധതിക്ക് തറക്കല്ലിട്ടകാര്യം ശ്രദ്ധയിലുണ്ടോ;<br><br>ബി) ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി ഇപ്പോൾ നിലച്ചിരിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി -വേളം കോൾനില വികസന പദ്ധതി കൃഷി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടുന്നില്ല. പ്രസ്തുത പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത് . |
| സി) ഇതോടെ നേരത്തെ കൃഷി ചെയ്തിരുന്ന ഹെക്ടർ കണക്കിന് നെൽപാടങ്ങൾ കൃഷിയോഗ്യമല്ലാതായി മാറിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| ഡി) എങ്കിൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ; | (ഡി) | ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശ സ്വയം ഭരണ വകുപ്പാണ്. |
| ഇ) പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ എത്ര ഹെക്ടർ സ്ഥലം കൃഷി യോഗ്യമായിത്തീരും എന്ന് വ്യക്തമാക്കുമോ;വിശദാംശങ്ങൾ നൽകുമോ? | (ഇ) | ഈ പ്രവൃത്തി പൂർണ്ണ തോതിൽ പ്രായോഗികമായാൽ 1080 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കാൻ സാധിക്കും. പദ്ധതി തയ്യാറാക്കിയാൽ കൃഷി വകുപ്പ് ആവശ്യമായ സഹായങ്ങൾ നൽകി പദ്ധതി നടപ്പിലാക്കും. |

Sabhal.

സെക്ഷൻ ഓഫീസർ